**File No.: GE-DA2/32/2023-G.EDN**

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് -ശ്രീ.യു.ബാവ.,എൽ.പി.എസ്.ടി(റിട്ട.). ഗവ.മോപ്ല യു.പി.എസ്, ആലത്തൂർ, പാലക്കാട് - അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറി.ശ്രീമതി.ബിന്ദു.ആർ-നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2926/2026/GEDN തീയതി,തിരുവനന്തപുരം, 27-04-2026

---

പരാമർശം:-
1. 30/03/2022 ലെ സ.ഉ(സാധാ)നം 2100/2022/പൊവിവ
2. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 13/10/2023 ലെ DDEPKD/740/2022/A5(2) നം കത്ത്
3. ശ്രീ.യു.ബാവയ്ക്ക് നല്കിയ 01/04/2024 ലെ DA2/32/2023-GEDN നം.കുറ്റപത്രം
4. ശ്രീ.യു ബാവ സമർപ്പിച്ച 29/ 11/ 2024 ലെ പ്രതിവാദ പത്രിക
5. 10/12/2024 ലെ സ.ഉ.(സാധാ) നം.8689/2024/GEDN
6. ശ്രീ.രഞ്ജൻ രാജ് .ആർ.പി സമർപ്പിച്ച 09.02.2026 ലെ അപേക്ഷ

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ആലത്തൂർ ജി.എം.എൽപി.എസ്-ലെ എൽപി.എസ്.ടി ആയി സേവനമനുഷ്ഠിക്കവേ ശ്രീ. ബാവ.യു പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ എന്ന സംഘടനയുടെ പുതുനഗരം ഡിവിഷണൽ സെക്രട്ടറിയായി പ്രവർത്തിക്കുകയും പരേതനായ സഞ്ചിത്ത് എന്ന ആർ.എസ്.എസ് പ്രവർത്തകന്റെ മരണവുമായി ബന്ധപ്പെട്ട് പോലിസ് അന്വേഷണത്തിൽ (ക്രൈം നമ്പർ 1989/2021) ടിയാനെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ടിയാൻ സേവനം ചെയ്യുന്ന ആലത്തൂർ ജി.എം.എൽപി.എസ് ൽ അനധികൃതമായി ഹാജരാകാതിരിക്കുന്നു എന്നും ടിയാനെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ആഭ്യന്തര ഇന്റലിജൻസ് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ 1960-ലെ കെ.സി.എസ്(സിസിഎ) പ്രകാരം സർക്കാർ തലത്തിൽ മേജർ ശിക്ഷയ്ക്കുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം(1) പ്രകാരം 17/11/2021 മുതൽ

പ്രാബല്യത്തിൽ സർവീസിൽ നിന്നും വേലവിലക്കിയിരുന്നു.

2. സസ്പെൻഷനിലിരിക്കെ ടിയാൻ **31/03/2022**ൽ സർവീസിൽ നിന്നും വിരമിച്ചു. ക്രൈം നം **1989/21** ടൗൺ സൗത്ത് പി.എസ്, പാലക്കാട് എന്ന കേസിൽ ബഹു പാലക്കാട് ജെ.എഫ് സി എം : **III** കോടതിയുടെ റിമാന്റ് വാറന്റിന്റെ അടിസ്ഥാനത്തിൽ ശ്രീ ബാവ യു **06/05/2022** മുതൽ പാലക്കാട് ജില്ലാ ജയിലിൽ റിമാൻഡിൽ കഴിഞ്ഞു വരുകയായിരുന്നു എന്ന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ പരാമർശം **(2)** പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. ടി കേസിൻ്റെ അന്വേഷണം പൂർത്തിയാക്കി **U/S 120 (b) R/w 302, 109 R/w 302, 115, 116, 118, 201 IPC** എന്നീ വകുപ്പുകൾ ചുമത്തി ബഹു പാലക്കാട് ജില്ലാ സെഷൻസ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും ആയത് ബഹു കോടതി **SC 1064/2022** സ്വീകരിച്ചിട്ടുള്ളതും നിലവിൽ ടി കോടതിയിൽ വിചാരണ നടപടികൾ തുടർന്നുവരുന്നതും ടി കേസിലെ പത്താം പ്രതിയായ ശ്രീ ബാവ യെ **17/12/2022** മുതൽ വിയ്യൂർ സെൻട്രൽ പ്രിസൺ **&** കറക്ഷണൽ ഹോമിലേക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിച്ചിരുന്നു. സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ യു.ബാവയ്ക്കെതിരെ കെ.എസ്.ആർ പാർട്ട് **III** ചട്ടം **3 (b)** അനുസരിച്ച് പരാമർശം **(3)** പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. പ്രസ്തുത കുറ്റപത്രം ടിയാൻ **14/05/2024** ന് കൈപ്പറ്റിയതിന് ശേഷം അഭ്യർഥന പ്രകാരം മറുപടി സമർപ്പിക്കുന്നതിന് **18/07/2024** വരെ സമയം അനുവദിച്ചിട്ടും ടിയാൻ മറുപടി നല്കിയിരുന്നില്ല.

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ടിയാന് യാതൊന്നും ഇക്കാര്യത്തിൽ ബോധിപ്പിക്കാനില്ല എന്ന അനുമാനത്തിൽ ശ്രീ ബാവ യു-വിനെതിരെ കെ.എസ്.ആർ പാർട്ട് **III** ചട്ടം **3 (b)** പ്രകാരം ആരംഭിച്ച അച്ചടക്കനടപടി തുടരുവാൻ തീരുമാനിക്കുകയും ആയതിൻ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ.രഞ്ജൻ രാജ് ആർ.പി-യെ പരാമർശം**(4)** പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. **29/11/2024** തീയതിയിലെ പ്രതിവാദ പത്രിക ശ്രീ ബാവ പിന്നീട് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

4. തന്നെ തുടർഅന്വേഷണത്തിൽ നിന്നും ഒഴിവാക്കണമെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ പരാമർശം**(5)** ലെ അപേക്ഷ പരിഗണിച്ച് ടിയാനെ അന്വേഷണ ചുമതലയിൽ നിന്നും ഒഴിവാക്കിക്കൊണ്ടും പൊതു വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീമതി ബിന്ദു ആർ-നെ ഔപചാരിക അന്വേഷണം നടത്തുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് ഒരു മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ ആർ

ഡെപ്യൂട്ടി സെക്രട്ടറി

**1.**പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

2.ശ്രീമതി.ബിന്ദു.ആർ, ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്(പരാമർശം 3,4 സഹിതം)

3.ശ്രീ.രഞ്ജൻ രാജ് ആർ.പി, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം

4.ശ്രീ.യു.ബാവ, റിട്ട.എൽ.പി.എസ്.ടി, (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

5.അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

6. വെബ്( മീഡിയ/കൈറ്റ്സ്)

7.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 28-04-2026 10:15:44
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്